പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1842 — 7.3.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അട്ടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |

| | |
|---|---|
| (എ) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1. ഭിന്നശേഷിയുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണസഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.<br>2. ഭിന്നശേഷിയുള്ളവർക്കു വേണ്ടി ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ്പ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ എന്നിവ മാനദണ്ഡങ്ങൾക്കു വിധേയമായി വിതരണം.<br>3. സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി<br>4. അംഗവൈകല്യമുള്ളവർക്ക് പുതിയ സ്ക്കൂട്ടറിൽ സൈഡ്‌വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി. |

5. നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ.

6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി.

7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച് എഫ്.ഡി.സി. വായ്പാ സബ്സിഡി.

8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി.

9. സ്വയം സഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കൽ.

10. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും.

11. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധ സദനം പരിപാലനം.

12. കാഴ്ചവൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

13. നാല് ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/റിജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി

14. കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റിന് 2.7 കോടിയുടെ നവീകരണ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം
2. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്

3. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
4. വിദ്യാജ്യോതി
5. കിടപ്പ് രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ
6. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി
7. സഹായ ഉപകരണ വിതരണ പദ്ധതി
8. വ്യക്തിഗത പരിപാലന പദ്ധതി

താഴെ പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

1. CDMRP-Community Disability Management and Rehabilitation Programme
2. Alzhiemer's Related Disorder Society of India(ARDSI)
3. Epilepsy Care through Schools
4. Pallium India
5. State Nodal Agency Centre (SNAC)
6. നിരാമയ
7. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി(NGO)
8. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്(NGO)
9. Insight Project(SPACE)
10. District Psychiatric Rehabilitation Project (IMHANS)
11. SIMC(State Institute on Mentally Challenged)
12. ആശ്രയ
13. യോഗ ക്ലാസ്സ്
14. ഓട്ടിസം ഡയഗ്നോസ്റ്റിക് ടൂൾ ഡെവലപ്മെന്റ്

| | |
|---|---|
| | സംസ്ഥാനത്തെ അംഗപരിമിതർക്കുള്ള ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന **അനുയാത്ര** എന്ന പേരിൽ ഒരു നവീന പദ്ധതിയ്ക്ക് ഗവൺമെന്റ് രൂപം നൽകി 2017 ജൂൺ മാസം മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. |
| (ബി) ഭിന്നശേഷിക്കാർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്ത് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) ഭിന്നശേഷിക്കാർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റായ എം.ആർ.എസ്.റ്റി. സെന്റർ തിരുവനന്തപുരത്ത് പാറ്റൂരിൽ 2000 മുതൽ പ്രവർത്തിച്ചു വരുന്നു. |
| (സി) പ്രസ്തുത യൂണിറ്റിനെ അത്യാധുനിക സാങ്കേതിക വിദ്യകൾ അനുസരിച്ചുള്ള ഉപകരണങ്ങൾ നിർമിക്കുന്ന യൂണിറ്റായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; | (സി) എം.ആർ.എസ്.റ്റി.സെന്ററിനെ അത്യാധുനിക സാങ്കേതിക വിദ്യകൾ അനുസരിച്ചുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റായി വികസിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 2.7 കോടി രൂപ 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ഷോറൂമുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ഷോറൂമുകൾ എല്ലാ മേഖലാ ഓഫീസുകളിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ